വിവിധ വകപ്പുകളിൽ വിവിധ തസ്തികകളിലായി ആകെ 108 പേർക്ക് നിയമനം നൽകി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. (2006-08-ലെ കബഡി ഇനത്തിലെ ഒരു ഒഴിവിലും 2009-ലെ ടെന്നിസ് വിഭാഗത്തിലെ ഒരു ഒഴിവിലും നിയമനം നടത്തിയിട്ടില്ല.) ജില്ല തിരിച്ച് നിയമനം നൽകുന്നതിന് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. വകപ്പുകൾ തിരിച്ചാണ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. ആയത് പ്രകാരം അതാത് വകപ്പുതലവൻമാരാണ് നിയമനം നൽകുന്നത്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി-ഇ) കായിക രംഗത്ത് മികച്ച നേട്ടം കൈവരിക്കുന്ന കായിക താരങ്ങൾക്ക് പ്രോത്സാഹനമെന്ന രീതിയിൽ സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം 2008 വരെ വിവിധ വകപ്പുകളിലെ വിവിധ തസ്തികകളിലായി പ്രതിവർഷം 20 പേർക്കാണ് നിയമനം നൽകിയിരുന്നത്. 17-7-2009-ലെ സ.ഉ. (പി) നമ്പർ 170/2009/പൊ.ഭ.വ. പ്രകാരം ജോലി നൽകുന്ന കായിക താരങ്ങളുടെ എണ്ണം 2009 വർഷം മുതൽ 20-ൽ നിന്നും 50 ആയി ഉയർത്തിയിട്ടുണ്ട്.

ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച അപേക്ഷകൾ

72 (4406) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനസമ്പർക്ക പരിപാടികളിൽ ഭൂമി ഇല്ലാത്തവർക്ക് ഭൂമി ലഭിക്കാനും ഭൂമിയുടെ അതിരളവ്, സർവ്വേ നമ്പർ, ഉടമസ്ഥത തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ചും എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; അപേക്ഷകളുടെ ഇനവും എണ്ണവും വർഷവും ജില്ലതിരിച്ച് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത അപേക്ഷകളിൽ 2014-15 കാലയളവ് വരെ ലഭിച്ചവയിൽ എത്രയെണ്ണം പൂർണ്ണമായും മറ്റ് പരാതികളില്ലാത്തവിധം പരിഹരിക്കപ്പെട്ടുവെന്ന് വ്യക്തമാക്കാമോ ;

(സി) ചേർത്തല താലൂക്കിൽ ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭിക്കുന്നതിനുവേണ്ടി സമർപ്പിക്കപ്പെട്ട അപേക്ഷകൾ എത്രയാണ് ; അവയിൽ ഭൂമി വിതരണം ചെയ്ത് പരിഹരിക്കപ്പെട്ടവ എത്രയാണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവർക്കായി ആകെ നൽകിയ ഭൂമി എത്രയാണ് ; എത്ര അപേക്ഷകർക്കാണ് ഭൂമി നൽകിയിട്ടുള്ളത് ; അവ ഏതെല്ലാം വില്ലേജുകളിലാണെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൂന്നു ഘട്ടങ്ങളിലെ ജനസമ്പർക്ക പരിപാടികളിലായി 63,126 പരാതികൾ ലഭിച്ചിട്ടുണ്ട്. ലഭ്യമായ വിവരങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 20,081 അപേക്ഷകൾ പൂർണ്ണമായി പരിഹരിച്ചിട്ടുണ്ട്.

(സി & ഡി) ലഭിച്ച 6 അപേക്ഷകളിലും നടപടി സ്വീകരിച്ചുവരുന്നു.

എക്സൈസ് വകുപ്പിലെ ഇ-ഫയലിംഗ് സംവിധാനം

73 (4407) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എം. എ. വാഹിദ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ :

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) എക്സൈസ് വകുപ്പിൽ ഇ-ഫയലിംഗ് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കാലതാമസം ഒഴിവാക്കി ഫയൽ നടപടികൾ സുതാര്യമാക്കുകയും, സർക്കാർ സേവനങ്ങളുടെ കാര്യക്ഷമത ഉറപ്പാക്കുകയുമാണ് ഇ-ഫയലിംഗ് കൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) നാഷണൽ ഇൻഫർമാറ്റിക് സെന്റർ, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ എന്നിവയുടെ സഹായത്തോടെയാണ് എക്സൈസ് വകുപ്പിൽ ഇ-ഫയലിംഗ് നടപ്പാക്കുന്നത്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly